# ആമുഖം

രാഷ്ട്രം നിർമ്മിക്കപ്പെട്ടിട്ടുള്ളത് രൂപത്തിലും ഉള്ളടക്കത്തിലും വൈവിധ്യങ്ങൾ പുലർത്തുന്ന ജനതകളുടെ വിനിമയസ്ഥലങ്ങളിലൂടെയാണ്. സാംസ്കാരികവും സാമ്പത്തികവുമായുള്ള വിവിധജനതകളുടെ വ്യാവഹാരികസ്ഥലം സമൂഹത്തിന്റെ ഘടനയാലും മറ്റ് സാംസ്കാരിക നിർണ്ണയനങ്ങളാലും രൂപപ്പെടുന്നതാണ്. ഭാഷ, ദേശം, വർണ്ണം, മതം തുടങ്ങിയ വിനിമയസ്ഥാപനങ്ങൾ അധിഷ്ഠിതമാക്കി വ്യത്യസ്തതലങ്ങളിൽ ശ്രേണീവൽക്കരിക്കപ്പെടുന്ന ജനതകളെ ഉൾക്കൊള്ളുന്ന സ്ഥലത്തെ പൊതുവെ രാഷ്ട്രമെന്നു പറയാം. ആധുനികദേശരാഷ്ട്രം നവോത്ഥാന ആശയങ്ങളുടെ പശ്ചാത്തലത്തിൽ രാഷ്ട്രീയജീവിയെ അഭിസംബോധന ചെയ്യുവാനുള്ള സൈദ്ധാന്തികശ്രമമാണ്. ദേശരാഷ്ട്രത്തെ വിഭാവനം ചെയ്യുന്ന അധികാരവിതരണകേന്ദ്രങ്ങളുടെ ഭൂമികയെന്ന നിലയിൽ സ്ഥലങ്ങൾക്കുള്ള വ്യാവഹാരികമൂല്യം നോവലിനെ മുൻനിർത്തി വിശകലനം ചെയ്യുകയാണ് ഇവിടെ. എല്ലാ ആഖ്യാനങ്ങളും പ്രമേയപരമായി അടയാളപ്പെടുത്തുന്നത് അതത് സാമൂഹിക, സാംസ്കാരികസന്ദർഭത്തിന്റെ രാഷ്ട്രീയഭാഷ്യമാണ്. സാംസ്കാരികസൂചകങ്ങളുടെ ചിഹ്നവത്കരണമെന്ന നിലയിൽ ഭാഷാപ്രയോഗങ്ങളെ കണക്കിലെടുക്കുമ്പോൾ അത് ഒന്നാമതായി വ്യാവഹാരികസ്ഥലത്തെ രാഷ്ട്രീയരൂപകമാണെന്നത് പ്രത്യേകം പരിഗണിക്കേണ്ടതുണ്ട്. ആധുനിക ദേശരാഷ്ട്രമെന്ന നിലയിൽ ഇന്ത്യയെ കാണുകയും ഇന്ത്യയുടെ രാഷ്ട്രീയപരിണാമങ്ങളെ നിർണ്ണയിക്കുന്ന അധികാരസ്ഥലമായി ദൽഹിയെ അവതരിപ്പിക്കുകയും ചെയ്യുന്നവയാണ് ദൽഹി പശ്ചാത്തലമാകുന്ന മലയാളനോവലുകൾ മിക്കവയും. ഒരു രാഷ്ട്രത്തിന്റെ രാഷ്ട്രീയപരിണാമങ്ങളെ നിർണ്ണായകമായി സ്വാധീനിക്കുന്ന പ്രാതിനിധ്യസ്വഭാവമുള്ള സ്ഥലത്തെ രാഷ്ട്രീയസ്ഥലം എന്നു നിർവ്വചിക്കാനാവും (ഈ സങ്കല്പനം ഒന്നും രണ്ടും അധ്യായങ്ങളിൽ വിസ്തരിച്ച് ചർച്ച ചെയ്യുന്നുണ്ട്). ഈ അർത്ഥത്തിലാണ് ഇന്ത്യയുടെ തലസ്ഥാനമായ ദൽഹിയുടെ സ്വത്വത്തെ രാഷ്ട്രീയസ്ഥലമായി വിവിധ നോവലുകളെ മുൻനിർത്തി വിശകലനം ചെയ്യുന്നത്.

നോവൽ, രാഷ്ട്രത്തെ എഴുതുന്ന ആഖ്യാനരൂപം എന്ന നിലയിൽ ആധുനിക സമൂഹത്തിന്റെ സാംസ്കാരിക ദർപ്പണമാണെന്ന് പറയാം. വരമൊഴിയിൽ കേന്ദ്രീകരിക്കുന്നുവെങ്കിലും ഇത് പൂർണ്ണമായും വരമൊഴിയുടെ അറിവടയാളങ്ങളെ പ്രതിഫലിപ്പിക്കാൻ പര്യാപ്തമല്ലാത്ത ഒന്നാണ്. എന്നാൽ നിലവിലുള്ള വിവിധ അനുശീലനങ്ങളുടെയും ആഖ്യാനസമ്പ്രദായങ്ങളുടെയും തലത്തിൽ താരതമ്യേന കൂടുതൽ പ്രസക്തമായ സൂചകവ്യവസ്ഥയുടെ വ്യാപ്തിയുൾക്കൊള്ളുന്നുണ്ട് എന്നതാണ് നോവലിനെ പ്രസക്തമാക്കുന്നത്.

നഗരകേന്ദ്രീകൃതമായ സാംസ്കാരികവ്യവഹാരങ്ങളെ ഉൾക്കൊള്ളുന്ന പ്രമേയങ്ങൾ ആഖ്യാനത്തിൽ തെരഞ്ഞെടുക്കുന്നത് ഏകമുഖമായി വിശകലനം ചെയ്യാവുന്ന വിവക്ഷകളെയല്ല ഉത്പാദിപ്പിക്കുന്നത്. ദൽഹി പോലൊരു രാഷ്ട്രതലസ്ഥാന നഗരിയെ രേഖപ്പെടുത്തുന്ന ആഖ്യാനങ്ങൾ ഒട്ടേറെ സങ്കീർണ്ണപ്രശ്നങ്ങളുടെ കലവറയായി വേണം പരിഗണിക്കുവാൻ. രാഷ്ട്രീയസ്ഥലമായി സങ്കല്പിക്കുമ്പോൾ സവിശേഷമായ സാമ്പത്തിക വർഗ്ഗത്തിന്റെയും അധികാരവിതരണത്തിന്റെയും ഏറിയും കുറഞ്ഞുമുള്ള അനുപാതമാണ് ദൽഹിയെ അതായി രൂപപ്പെടുത്തുന്നതും നിലനിർത്തുന്നതും എന്ന ബോധ്യം പ്രധാനപ്പെട്ടതാണ്. ഇത് ഇന്ത്യയെ ആധുനിക രാഷ്ട്രമായി വിഭാവനം ചെയ്യുന്നതിന്റെ ഘടനാപരമായ ഉള്ളടക്കത്തെയാണ് സൂചിപ്പിക്കുന്നത്. ദൽഹി രാഷ്ട്രീയസ്ഥലമെന്ന നിലയിൽ അഭിസംബോധന ചെയ്യുന്ന ആഖ്യാനങ്ങളുടെയെല്ലാം പൊതുസ്വഭാവം ആധുനികനഗരത്തെക്കുറിച്ച്, അതിന്റെ സ്ഥലപരമായ വിനിയോഗത്തെക്കുറിച്ച്, എല്ലാമുള്ള ധാരണയിൽ നിന്ന് രൂപം കൊള്ളുന്നതാണ്. ആധുനിക സാങ്കേതിക വിദ്യയുപയോഗിച്ച് നിർമ്മിച്ച കെട്ടിടങ്ങൾ, ആശുപത്രികൾ, വിനോദസ്ഥലങ്ങൾ, കോടതികൾ മറ്റ് ഭരണകൂടാധികാര ഉത്പാദനവിതരണകേന്ദ്രങ്ങൾ എന്നിവയാൽ പരസ്പരം ബന്ധപ്പെട്ടുകിടക്കുന്ന സ്ഥലവിനിയോഗസമൂഹമാണ് നഗരം. നഗരസംവിധാനത്തിന്റെ ബാഹ്യ ആന്തരയുക്തികൾ ഇത്തരത്തിൽ സ്ഥാപനകേന്ദ്രിതമാണ്. അതുകൊണ്ട് തന്നെ നഗരത്തെ സംവഹിക്കുന്ന ആഖ്യാനരൂപമെന്ന നിലയിൽ സംവിധാനപ്പെടുത്തിയിട്ടുള്ള

നോവലുകൾ അടയാളപ്പെടുത്തുന്ന സാംസ്കാരികചിഹ്നങ്ങൾ മേൽസൂചിപ്പിച്ച വിധത്തിലുള്ള സ്ഥാപനവത്കരണസ്വഭാവം പുലർത്തുന്നവയാണ്. നഗരങ്ങളുടെ ഇത്തരത്തിലുള്ള സ്ഥാപനകേന്ദ്രിതഘടനയെ പിൻപറ്റുന്നവയാണ് ദൽഹിയെക്കുറിച്ചുള്ള ആഖ്യാനങ്ങൾ.

ദൽഹി പോലുള്ള ആധുനികനഗരങ്ങൾ നഗരവത്കൃതരൂപങ്ങളിലല്ലാത്ത ജനതയുടെ സാമൂഹിക സംവിധാനങ്ങളായ ഗ്രാമങ്ങളെയും മറ്റും ദേശഭാവനയിൽ നിന്ന് പാർശ്വവത്കരിക്കുന്നതിനോ ബഹിഷ്കരിക്കുന്നതിനോ ഉള്ള അധികാരരൂപമായിട്ടാണ് സംവിധാനം ചെയ്യപ്പെട്ടിട്ടുള്ളത്. ഇത് മൂലം നഗരങ്ങൾക്ക് രാഷ്ട്രത്തെ വിഭാവനം ചെയ്യുന്നതിനുള്ള വിനിമയാധികാരം ലഭിക്കുകയും താരതമ്യേന വിനിമയശേഷി കുറഞ്ഞ നഗരേതര സാംസ്കാരികസ്ഥലങ്ങൾ ദേശനിർവ്വചനത്തിൽ അടിച്ചമർത്തപ്പെടുകയും ചെയ്യുന്നു. ദൽഹിയെ രാഷ്ട്രീയസ്ഥലമായി ഉള്ളടക്കം ചെയ്യുന്ന മലയാളനോവലുകളൊക്കെത്തന്നെ ഇത്തരത്തിൽ ദ്വന്ദ്വവത്കൃതസംസ്കാരത്തെ പല അർത്ഥങ്ങളിലും ഊട്ടിയുറപ്പിക്കുന്നുണ്ട്. അധീശ/വിധേയ, ഉന്നത/നീച, മേലാള/കീഴാള തുടങ്ങിയ സാംസ്കാരികാതിർത്തി നിർണ്ണയനങ്ങളുടെ രാഷ്ട്രീയയുക്തികളാണിവിടെ സൂചിതമാവുന്നത്.

സ്ഥലനിർമ്മിതിയുടെ രാഷ്ട്രീയസ്വഭാവം സൂക്ഷ്മവും സ്ഥൂലവുമായ ഭൂത, വർത്തമാനകാല വ്യവഹാരങ്ങളുടെ ഘടനയനുസരിച്ച് രൂപം കൊള്ളുന്നതാണ്. അതായത് സവിശേഷമായ സാംസ്കാരിക, സാമൂഹികപരിതോവസ്ഥക്കുള്ളിലാണ് രാഷ്ട്രീയസ്ഥലത്തിന് വ്യാവഹാരികസ്വത്വം ലഭിക്കുന്നത്. ദൽഹിയുടെ സാമൂഹിക-സാംസ്കാരികാതിർത്തിക്കുള്ളിൽ വച്ചുനടക്കുന്ന വ്യവഹാരങ്ങളിലെ സ്ഥലസ്വത്വമെന്താണെന്നുള്ള, അവയുടെ രാഷ്ട്രീയവിവക്ഷകളെന്താണെന്നുള്ള അന്വേഷണമാണ് ഈ പ്രബന്ധത്തിന്റെ കാതൽ. ആദ്യ അധ്യായത്തിൽ സ്ഥലം എന്താണെന്നുള്ള നിർവചനവും ചരിത്രപരമായി സ്ഥലസങ്കല്പനത്തിൽ വന്ന മാറ്റങ്ങളുടെ വിശകലനവുമാണുള്ളത്. സ്ഥലത്തിന് വ്യാവഹാരികമായുണ്ടാവുന്ന അർത്ഥവ്യതിയാനങ്ങളെയും സങ്കല്പനവൈവിധ്യ

ങ്ങളെയും വിശകലനം ചെയ്യുന്നുണ്ടിവിടെ. സ്ഥലത്തെക്കുറിച്ചുള്ള പ്രധാനചർച്ചകളി ലൊന്നായ 'സ്ഥലത്തിന്റെ ഉത്പാദനം' (Production of Space) എന്ന സാമൂഹികനിർമ്മിത സ്ഥലസങ്കല്പത്തെയാണ് പ്രബന്ധത്തിന്റെ സൈദ്ധാന്തികാടിത്തറയായി സ്വീകരി ച്ചിട്ടുള്ളത്. ഹെൻറി ലെഫെബ്വ്രെയുടെ സ്ഥലചിന്തകളോടൊപ്പം മറ്റുചില സ്ഥലസങ്കല്പ ങ്ങളും പരിചയപ്പെടുത്തുന്നുണ്ട് ഈ അധ്യായം. രണ്ടാം അധ്യായത്തിൽ രാഷ്ട്രീയസ്ഥലം എന്ന ആശയം അവതരിപ്പിക്കുന്നു. ദൽഹിയുടെ രാഷ്ട്രീയസ്ഥലകർതൃത്വം വ്യക്തിയുടെ കർതൃത്വത്തെ ബാധിക്കുന്നതിന്റെ മാതൃകയായി എം. മുകുന്ദന്റെ ദൽഹി എന്ന നോവൽ പരിശോധിക്കുന്നു. അരവിന്ദന്റെ രാഷ്ട്രീയസ്ഥലകർതൃത്വം ദൽഹി എന്ന രാഷ്ട്രീയസ്ഥലം നിർമ്മിച്ചെടുക്കുന്നതിന്റെ വിശകലനം ഈ അധ്യായത്തിലുണ്ട്. ദൽഹിയുടെ നഗരചരി ത്രവും ഒപ്പം രേഖപ്പെടുത്തുന്നുണ്ട് ഇവിടെ. മലയാളനോവൽ ആഖ്യാനങ്ങളിൽ രാഷ്ട്രീ യസ്ഥലം എന്ന നിലയിൽ ദൽഹി ചരിത്രപരമായി ഇടപെടുന്ന സവിശേഷ രാഷ്ട്രീയ ഘട്ടങ്ങളെയാണ് പ്രബന്ധത്തിൽ തുടർന്നുള്ള അധ്യായങ്ങളായി സൂചിപ്പിക്കുന്നത്. നോവ ലുകളെ വർഗീകരിക്കുന്നതിനായി ദൽഹിയെ രാഷ്ട്രീയസ്ഥലമായി വ്യവഹരിക്കുന്ന ചരിത്രമുഹൂർത്തങ്ങളെ സ്വീകരിക്കുന്നു. ദൽഹിയുടെ രാഷ്ട്രീയചരിത്രത്തെയാണ് വർഗീ കരണയുക്തിയായി വിനിയോഗിക്കുന്നത്. 1947 മുതൽ 1964 വരെയുള്ള നെഹ്റു ഭരണ ത്തിന്റെ സാംസ്കാരിക, രാഷ്ട്രീയാവസ്ഥകളിലൂടെ ഉത്പാദിപ്പിക്കപ്പെടുന്ന ദൽഹിയെ അടയാളപ്പെടുത്തുന്ന വി.കെ.എന്നിന്റെ 'ആരോഹണം' (1969) മൂന്നാം അധ്യായത്തിൽ പഠനവിധേയമാക്കുന്നു. 1972ലെ ഇന്ത്യാ-പാക്ക് യുദ്ധത്തെ തുടർന്നുണ്ടായ രാഷ്ട്രീയ സംഘർഷങ്ങളിലൂടെയും അഭയാർത്ഥിപ്രവാഹത്തിലൂടെയും രൂപം കൊള്ളുന്ന കൽക്ക ത്തയുടെ സ്ഥലവിന്യാസങ്ങളെയും ദൽഹിയുടെ അധികാരരാഷ്ട്രീയത്തെയും രേഖപ്പെ ടുത്തുന്ന ആനന്ദിന്റെ 'അഭയാർത്ഥികൾ' (1984) ഒ.വി. വിജയന്റെ 'ഗുരുസാഗരം' (1987) എന്നീ നോവലുകൾ നാലാം അധ്യായത്തിൽ വിശകലനം ചെയ്യുന്നു. 1975ലെ അടിയ ന്തിരാവസ്ഥയിലേക്കുനയിക്കുന്ന ഇന്ത്യൻ രാഷ്ട്രീയസാഹചര്യങ്ങളെ ആഖ്യാനതലത്തിൽ വിഭാവനം ചെയ്യുന്ന ഒ.വി. വിജയന്റെ 'ധർമ്മപുരാണം' (1985) അഞ്ചാം അധ്യായത്തിൽ വിമർശനാത്മകമായി പരിശോധിക്കുന്നു. ഖലിസ്ഥാൻ പ്രക്ഷോഭവും സുവർണ്ണക്ഷേത്ര

ത്തിനുനേരെ നടന്ന നടപടിയും 1984-ലെ ഇന്ദിരാവധത്തെ തുടർന്നുണ്ടായ സിക്ക് വിരുദ്ധ കലാപവും ദൽഹിയുടെ രാഷ്ട്രീയസ്ഥലത്തിൽ വരുത്തുന്ന പരിണതികൾ പങ്കുവ യ്ക്കുന്ന ആനന്ദിന്റെ 'മരുഭൂമികൾ ഉണ്ടാകുന്നത്' (1989), ഉണ്ണിക്കൃഷ്ണൻ തിരുവാഴി യോടിന്റെ 'ദൃക്സാക്ഷി' (1991), ഒ.വി. വിജയന്റെ 'പ്രവാചകന്റെ വഴി' (1993) എന്നീ നോവലുകളും പ്രമേയപരമായ പ്രത്യേകതകളാൽ എൻ.എസ്. മാധവന്റെ 'വൻമരങ്ങൾ വീഴുമ്പോൾ' (1993) എന്ന ചെറുകഥയും ആറാം അധ്യായത്തിൽ പഠനത്തിനായി ഉൾപ്പെ ടുത്തിയിട്ടുണ്ട്. രാജീവ് ഗാന്ധിയുടെ ഭരണകാലത്തെക്കുറിച്ചുള്ള വി.കെ.എന്നിന്റെ 'അധി കാരം' (1991), 1991-ലെ രാജീവ് വധത്തെ കേന്ദ്രപ്രമേയമായി സ്വീകരിച്ചിട്ടുള്ള ഉണ്ണിക്കൃ ഷ്ണൻ തിരുവാഴിയോടിന്റെ 'മനഃസാക്ഷി' (2001) എന്നീ നോവലുകളാണ് ഏഴാം അധ്യാ യത്തിൽ വിശകലനം ചെയ്യുന്നത്. 1992-ലെ ബാബറി മസ്ജിദ് തകർച്ചയുമായി ബന്ധ പ്പെട്ട കലാപാവസ്ഥയെ ചരിത്രപരമായി വിശകലനം ചെയ്യുന്ന കെ.പി. ഉണ്ണിയുടെ 'ചരി ത്രത്തിൽ ഇടപെടുമ്പോൾ' (2001) എന്ന നോവൽ എട്ടാം അധ്യായത്തിൽ നിരീക്ഷണ വിധേയമാക്കുന്നു. ഈ പഠനങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞുവന്ന നിഗമനങ്ങൾ ഉപസം ഹാരത്തിൽ ക്രോഡീകരിക്കുന്നു.

മലയാളനോവലിൽ ഇന്ത്യയുടെ തലസ്ഥാനനഗരി എന്ന നിലയിൽ ദൽഹി നല്കുന്ന രാഷ്ട്രീയസൂചകങ്ങൾ ജനതയുടെ ഇടപെടലുകളിലും വ്യവഹാരങ്ങളിലും നിന്ന് രാഷ്ട്രീയതലസ്ഥാനത്തിലേക്കുള്ള ദൂരം അടയാളപ്പെടുത്തുന്നു. മലയാളത്തിലെ സാംസ്കാരിക പഠനങ്ങളിൽ സ്ഥലകേന്ദ്രീകൃതമായ വിശകലനമാതൃകകൾ വിരളമാണ്. സാമൂഹിക, രാഷ്ട്രീയ വ്യവഹാരങ്ങളെ സംബന്ധിച്ചിടത്തോളം സ്ഥലത്തിന്റെ പ്രസക്തി ചരിത്രപരമായി സമകാലികതാത്വിക പരിസരങ്ങളെ അഭിസംബോധന ചെയ്തു കൊണ്ടാണ് രൂപപ്പെടുന്നത്. സാമൂഹിക വ്യവഹാരങ്ങളിൽ സ്ഥലത്തിന്റെ ധർമ്മ മെന്താണെന്ന അന്വേഷണം സാംസ്കാരിക നിർമ്മിതിയുടെ അടിസ്ഥാനശിലയാണ്. ജ്ഞാനോൽപാദന വിതരണക്രമങ്ങളിൽ സ്ഥലനിർമ്മിതിയെക്കുറിച്ചുള്ള സങ്കല്പനങ്ങ ളുടെയും പ്രയോഗമാതൃകകളുടെയും പ്രസക്തിയുടെ തിരിച്ചറിവാണ് 'ദൽഹി രാഷ്ട്രീയ സ്ഥലം എന്ന നിലയിൽ മലയാളനോവലിൽ' എന്ന പഠനത്തിലേക്ക് വഴി തെളിക്കുന്നത്.

മലയാളത്തിൽ നോവൽ ആഖ്യാനങ്ങളെക്കുറിച്ചുള്ള, പ്രത്യേകിച്ച് നഗരങ്ങളെക്കുറിച്ചുള്ള പഠനങ്ങളെന്ന നിലയിൽ പുറത്തു വന്നിട്ടുള്ള ലേഖനങ്ങളാണ് പി.കെ. രാജശേഖരന്റെ 'ഹിംസയുടെ നഗരപടങ്ങൾ' (മാതൃഭൂമി ആഴ്ചപ്പതിപ്പ്, സെപ്തംബർ 10, 16. 2006:48-55), 'നഗരവും നഗരവാസികളും' (മാധ്യമം ആഴ്ചപ്പതിപ്പ്, മെയ് 3. 2002:20-23); പി. പവിത്രന്റെ 'ഭൂപടം തല തിരിക്കുമ്പോൾ' (മാധ്യമം ആഴ്ചപ്പതിപ്പ്, മെയ് 3, 2002:10-23); ഷാജി ജേക്കബിന്റെ 'സ്ഥലം, യാത്ര, നോവൽ' (മാധ്യമം ആഴ്ചപ്പതിപ്പ്, 2002 സെപ്തംബർ 13, 20, 27) എന്നിവ. നഗരജീവിതത്തെക്കുറിച്ചും നഗരങ്ങളുടെ രാഷ്ട്രീയസ്വഭാവങ്ങളെക്കുറിച്ചും സ്ഥൂലപ്രതിനിധാനങ്ങളെക്കുറിച്ചുമാണ് ഈ പഠനങ്ങൾ സൂചിപ്പിക്കുന്നത്. 'രാഷ്ട്രീയസ്ഥല'മെന്ന നിലയിൽ നഗരങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടോ സ്ഥലങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടോ നടക്കുന്ന പഠനങ്ങളല്ല ഇവയൊന്നും തന്നെ. ദൽഹിയെ 'രാഷ്ട്രീയസ്ഥലം' എന്ന നിലയിൽ നിർമ്മിച്ചെടുക്കുന്ന മലയാളനോവലുകളുടെ പഠനം അതിനാൽ തന്നെ പ്രസക്തമാണ്.